"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - 2024-25 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ വിവിധ തുടർ പദ്ധതികൾക്കായി ബജറ്റിൽ 2515-00-102-29 (PV), 4515-00-102-47-00-00-00-PV ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതങ്ങളുടെ പുന:ക്രമീകരണം നടത്തി ആകെ തുകയുടെ 50% ആയി നിജപ്പെടുത്തി ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.227/2025/LSGD തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:- 1. 25/05/2024-ലെ സ.ഉ.(സാധാ)നം.919/2024/ തസ്വഭവ.

2. 31/08/2024 തീയതിയിലെ സ.ഉ(അ)നം.76/2024/ധന.

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/12/2024 തീയതിയിലെ 814/A/2024/KSHO നം. കത്ത്.

**<u>ഉത്തരവ്</u>**

2024-25 സാമ്പത്തിക വർഷത്തിൽ 2515-00-102-29 (PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 225 കോടി രൂപയും 4515-00-102-47-00-00-00-PV ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40 കോടി രൂപയും (ആകെ 265 കോടി രൂപ) ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2. 2024-25 സാമ്പത്തിക വർഷം തുടർ പ്രോജക്ട്/ പദ്ധതികൾ ഉൾപ്പടെ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത കണക്കിലെടുത്ത് പദ്ധതി മാറ്റിവയ്ക്കുകയോ ഭരണാനുമതി നൽകിയ ആകെ തുകയുടെ 50% ആയി നിജപ്പെടുത്തുകയോ ചെയ്യേണ്ടതാണെന്ന് പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

3. ലഭ്യമായ ഫണ്ട് ഫലപ്രദവും കാര്യക്ഷമമായും വിനിയോഗിക്കുന്നതിന് എല്ലാ പ്രോഗ്രാമിലും ആനുപാതികമായി കുറവ് വരുത്തി 132.5 കോടി രൂപയിലേയ്ക്ക് പദ്ധതി വിഹിതത്തിൽ കുറവ് വരുത്തി താഴെ പറയുന്ന പ്രകാരം ഭരണാനുമതി പുതുക്കി നൽകുന്നതിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| ഹെഡ് ഓഫ് അക്കൗണ്ട് | ക്രമ നം. | പദ്ധതിയുടെ പേര് | ഭരണാനുമതി നല്കിയ തുക(കോടിയിൽ) | പുന:ക്രമീകരിച്ച തുക (കോടിയിൽ) |
|---|---|---|---|---|
| 2515-00-102-29 (PV) | 1. | ഓർഗനൈസേഷൻ | 52.13 | 46.88 |
| | 2. | ഡി എഫ് കെ | 20.00 | 10.00 |
| | 3. | ബഡ്സ് | 14.00 | 4.45 |
| | | | | |

| | | | | |
|---|---|---|---|---|
| | 4. | ബാലസഭ | 4.00 | 3.10 |
| | 5. | ട്രൈബൽ | 3.7175 | 2.9971595 |
| | 6. | ജൻഡർ | 8.00 | 7.50006 |
| | 7. | മൈക്രോ ഫിനാൻസ് | 46.10 | 14.48 |
| | 8. | മൈക്രോ എന്റർപ്രൈസസ് | 31.30 | 18.80 |
| | 9. | അഗ്രിക്കൾച്ചർ | 23.40 | 15.5306705 |
| | 10. | അനിമൽ ഹസ്ബൻഡറി | 16.80 | 5.08567 |
| | 11. | മാർക്കറ്റിംഗ് | 5.5525 | 3.67644 |
| 4515-00-102-47-00-00-00-PV | 12. | റിവോൾവിംഗ് ഫണ്ട് | 40 | 0 |
| **ആകെ** | | | **265** | **132.5** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീയുടെ വിവിധ തുടർ പദ്ധതികൾക്കായി ബജറ്റിൽ 2515-00-102-29 (PV), 4515-00-102-47-00-00-00-PV ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതങ്ങളുടെ പുന:ക്രമീകരണം നടത്തി ആകെ തുകയുടെ 50% ആയി മേൽപ്പറഞ്ഞ പ്രകാരം നിജപ്പെടുത്തി പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി പുതുക്കി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (എഫ് .എം) വകുപ്പ്(27.12.2024 ലെ FM1/217/2024/LSGD പ്രകാരം)
ധനകാര്യ (വികസന) വകുപ്പ്
ധനകാര്യ (ബഡ്ജറ്റ്-ജെ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/77/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 22-01-2025 11:15:55
സെക്ഷൻ ഓഫീസർ